ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

പാട്ടും ചിന്തയും :
"സീയോൻ സഞ്ചാരി ഞാൻ..."

കവിത – "ശമര്യൻ"



"ദൗത്യ ഹൃദയം"

(തിരുവചന ധ്യാനം – ഫിലിപ്പിയർ 2:14–15)

SEPTEMBER
2023

CONTENTS

- **തിരുവചന ധ്യാനം : "ദൗത്യ ഹൃദയം".** Page - 03
- **പാട്ടും ചിന്തയും : "സീയോൻ സഞ്ചാരി ..."** Page - 14
- **കുറിപ്പുകൾ : "പത്മോസിലെ യോഹന്നാൻ "** Page - 18
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.** Page - 19
- **കവിത - "ശമര്യൻ"** Page - 20

തിരുവചന ധ്യാനം : "ദൗത്യ ഹൃദയം"

ഈ ലോകത്തിൽ നാം ഓരോരുത്തരും ക്രിസ്തുവിന്റെ പ്രകാശമാകേണ്ടതിനു എന്തെല്ലാമാണ് ചെയ്യേണ്ടുന്നത് ? ഇതിനായി നാം എന്തെല്ലാം ഉദ്യമങ്ങൾ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നു? പലതിലും മറുപടികൾ ലഭിക്കാതെ പോവുന്നുണ്ടോ ?

ഇവയുടെ ഉത്തരം വളരെ സ്പഷ്ടമായി ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പൗലോസ് വ്യക്തമാക്കിയിരിക്കുന്നു.

ഫിലിപ്പിയർ *2*

14. **വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ**.

15. **അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു**.

നമുക്കെല്ലാവർക്കും അനേക കാര്യങ്ങൾ ദൈവരാജ്യത്തിനായി ദൈവനാമത്തിൽ ചെയ്യുവാൻ കഴിയും. നാമെല്ലാവരുംതന്നെ അവ ചെയ്യുന്നുമുണ്ട്. പണമായും പ്രവൃത്തിയായും സഹായമായും വാക്കുകളാലും ആശ്വാസത്താലും വചനത്താൽ ധൈര്യം പകർന്നും നാം നമ്മുടെ അറിവുകൾക്കൊത്തവണ്ണം (ദൈവം നൽകുന്ന നിയോഗങ്ങൾക്കൊത്തവണ്ണവും) തുടർച്ചയായി അവ ചെയ്തുവരുന്നു. എന്നാൽ, ആ ചെയ്യുന്ന സകലത്തിന്റെയും അടിസ്ഥാനം 'കടമ' മാത്രമാണെങ്കിൽ, ചെയ്യുന്ന സകലത്തിലും 'പിറുപിറുപ്പും വാദവും' കടന്നുകൂടുവാൻ സാധ്യതയുണ്ട്. കാരണം, ദൈവനാമത്തിൽ നാം ചെയ്യുന്ന സകലവും ദൈവത്താലുള്ളവ തന്നേ ആയിരിക്കേണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതായത്, സ്വയത്തിന്റെ ഇഷ്ടത്താലോ വികാരഭരിതമായോ (sentimentally) നിർബന്ധത്താലോ കയ്പ്പോടുകൂടിയോ ആവരുത് എന്നുള്ളതുതന്നേ. ചെയ്യുന്നതു സകലവും (അതു പ്രാർത്ഥനയായാലും പ്രവൃത്തിയായാലും) ദൈവസ്നേഹത്താൽ തുടങ്ങി ദൈവസ്നേഹത്താൽ പൂർത്തീകരിക്കപ്പെടുമ്പോഴാണ് ദൈവത്തിന്റെ കയ്യൊപ്പ് (ദൈവീക തേജസ്സ്) കാണുവാൻ കഴിയുന്നത്.

നാം ഏർപ്പെട്ടിരിക്കുന്ന മേഖലകളിൽ മനുഷ്യന്റെ പ്രസാദമാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ അത് പൂർത്തിയാക്കിയാലും ദൈവത്തിന്റെ കരുണ അവിടെ ലഭിക്കാതെ പോവും. കാരണം, നാം അതു ചെയ്തത് ദൈവത്തിനുവേണ്ടിയായിരുന്നില്ല നമ്മുടെ സ്വയത്തിൽനിന്നും ഉയർന്നുവന്ന സ്വയസംതൃപ്തിക്കുവേണ്ടിയായിരുന്നു. മറ്റൊരുവാക്കിൽ പറഞ്ഞാൽ, അത് എനിക്കുതന്നെയോ മറ്റുള്ളവരുടെ നല്ലവാക്കിനോ വേണ്ടിയായിരുന്നിരിക്കണം. ഇങ്ങനെയുള്ള നിർജീവപ്രവൃത്തികളിൽനിന്നും വിട്ടുനിൽകുവാൻ നമ്മിൽ വസിക്കുന്ന ദൈവാത്മാവ്, നമ്മുടെ ആത്മാവിനോട് സംസാരിക്കുമ്പോൾ, അതു അനുസരിക്കുന്ന ദേഹവും (body) ദേഹിയും (soul) നമ്മിൽ രൂപപ്പെടുന്നതിന്റെ പേരാണ് 'ആത്മബന്ധത്തിലൂടെയുള്ള ആത്മീയവളർച്ച'. ഈ ആത്മബന്ധം നമ്മെ പിന്നത്തേതിൽ നടത്തുന്നത് 'അനുനിമിഷവും ദൈവഹിതം നിറവേറ്റുക' എന്ന mission ലേക്കാണ്.

ഏതു വ്യക്തിക്കാണ് ഈ ഭൂമിയിൽ ദൈവഹിതം ഇത്രത്തോളം ആഴത്തിൽ ചെയ്യുവാൻ കഴിയുന്നത്? അത് സാദ്ധ്യമാണോ ?

D. L. മൂഡി എന്ന പ്രാർത്ഥനാമനുഷ്യനെ ലോകമറിഞ്ഞത് അദ്ദേഹത്തിനുണ്ടായിരുന്ന കഴിവുകളുടെ പേരിലായിരുന്നില്ല. അദ്ദേഹത്തിന്റെകൂടെയിരുന്ന് ദൈവം അദ്ദേഹത്തിലൂടെ ചെയ്ത പ്രവൃത്തികളിലൂടെയായിരുന്നു. ഒരിക്കൽ ഹെൻറി വാർലി എന്ന തന്റെ പുതിയ സുഹൃത്ത് ഡിഎൽ മൂഡിയോട് പറഞ്ഞു, "മൂഡി, ദൈവത്തിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു മനുഷ്യനെ ദൈവം എന്തുചെയ്യുമെന്ന് /എങ്ങനെ ഉപയോഗിക്കുമെന്ന് ലോകം ഇതുവരെ കണ്ടിട്ടില്ല."

ഈ വാക്കുകൾ മൂഡിയുടെ ഹൃദയത്തിൽ തുളച്ചുകയറി, അദ്ദേഹം ആ വാക്കുകളോടു ഇപ്രകാരം പ്രതികരിച്ചു, “ആ മനുഷ്യൻ ഞാൻ ആകട്ടെ". D.L മൂഡിയെപ്പോലെ ദൈവീക ദൗത്യത്തിൽ കേന്ദ്രികൃതമായ (mission oriented) ആയിട്ടുള്ള ഒരു മനസും ഹൃദയവുമാണ് നമ്മിൽ ഉരുവായിത്തുടങ്ങേണ്ടുന്നത്. കാരണം, വിളിയും തിരഞ്ഞെടുപ്പും ദൈവംതന്നെ ചെയ്യുകകൊണ്ടു, 'ദൗത്യത്തിനായുള്ള പൂർണ്ണസമർപ്പണം' എന്ന വലിയ പങ്കാണ് ദൈവം നമ്മോടു ചോദിക്കുന്നത്.

ഈ സമർപ്പണം ഒരു mission oriented heart ഉള്ളവരിലാണ് വേരുപിടിക്കുന്നത്. മത്തായി 13: 3-9 ൽ പറഞ്ഞിരിക്കുന്ന 'നല്ല നില'ത്തെ ഈ നിലയിൽ കാണാവുന്നതാണ്. mission oriented heart ഒരു നല്ല നിലമാണ്. നൂറും അറുപതും മുപ്പതും വിളവുനൽകുവാൻ പര്യാപ്തമാണ് ഒരുക്കപ്പെട്ട ഒരു ഹൃദയം.

നോഹയെ ദൈവം തിരഞ്ഞടുത്തപ്പോൾ നോഹയിൽ ഈ ഹൃദയം നമുക്കു കാണുവാൻ കഴിയുന്നുണ്ട്. ദൈവം ആഗ്രഹിക്കുന്നതിനെ ചെയ്യുവാനുള്ള മനസ്സൊരുക്കമാണ് നോഹയുടെ പണിയപ്പെട്ട പെട്ടകം. മറ്റൊരുവാക്കിൽപറഞ്ഞാൽ, സർവശക്തനായ ദൈവത്തോടുള്ള നോഹയുടെ 'അനുസരണത്തിന്റെ വലിപ്പ'മാണ് താൻ നിർമിച്ച പെട്ടകം.

പെട്ടകത്തിന്റെ അളവുകളെക്കുറിച്ചു ഉല്പത്തിയിൽ നാം ഇങ്ങനെ വായിക്കുന്നു.

ഉല്പത്തി 6
14. **നീ ഗോഫർമരംകൊണ്ടു ഒരു പെട്ടകം ഉണ്ടാക്കുക; പെട്ടകത്തിന്നു അറകൾ ഉണ്ടാക്കി, അകത്തും പുറത്തും കീൽ തേക്കേണം.**
15. **അതു ഉണ്ടാക്കേണ്ടതു എങ്ങനെ എന്നാൽ: പെട്ടകത്തിന്റെ നീളം മുന്നൂറു മുഴം; വീതി അമ്പതു മുഴം; ഉയരം മുപ്പതു മുഴം.**
16. **പെട്ടകത്തിന്നു കിളിവാതിൽ ഉണ്ടാക്കേണം; മേൽനിന്നു ഒരു മുഴം താഴെ അതിനെ വെക്കേണം; പെട്ടകത്തിന്റെ വാതിൽ അതിന്റെ വശത്തുവെക്കേണം: താഴത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും തട്ടായി അതിനെ ഉണ്ടാക്കേണം.**

പതിനഞ്ചാം വാക്യത്തിലെ നീളവും വീതിയും ഉയരവും ദൈവം നോഹക്ക് പറഞ്ഞുകൊടുക്കുന്നത്, നോഹയുടെ അനുസരണത്തിന്റെ വലിപ്പത്തിന്റെ അടിസ്ഥാനത്തിലാണ്. ദൈവത്തോടുള്ള നമ്മുടെ അനുസരണത്തെയും 'നോഹയുടെ പെട്ടകം' പോലെ, ദൈവം ലോകത്തിനുമുൻപിൽ പ്രദർശിപ്പിക്കും. അതു കേവലം പ്രദർശനമായല്ല പ്രത്യുത, ദൈവത്തിന്റെ നീതിയും മഹത്വവും പ്രത്യക്ഷമാകുവാൻ വേണ്ടിയാണ്. ആ കാലത്തു, ദൈവത്തെ അനുസരിക്കുവാൻ വിളിക്കപ്പെട്ട/തിരഞ്ഞെടുക്കപ്പെട്ട നോഹയിൽ അനുസരണം തുടിക്കുന്നത് ദൈവം കണ്ടിരുന്നു.

ശുശ്രൂഷ എന്നത് ദൈവത്തെ എല്ലാ അർത്ഥത്തിലും പൂർണ്ണമായി അനുസരിക്കുവാനുള്ള 'അനുസരണയുടെ വിളി'യാണ്. ആ വിളിയെ സ്വന്ത ലാഭത്തിനും ഇച്ഛകൾക്കും ഇഷ്ടങ്ങൾക്കുമായി വളച്ചൊടിക്കപ്പെടുമ്പോൾ താത്കാലികമായ മനസ്സുഖം (അവർക്കു) ലഭിച്ചേക്കുമെങ്കിലും നിത്യതയിലെ തേജസ്സിൽ വലിയ വിള്ളലുകളാവും ഉണ്ടാവുക.

ഉല്പത്തി 6 : 22. **ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു; അങ്ങനെ തന്നേ അവൻ ചെയ്തു.**

മേൽപ്പറഞ്ഞ വാക്യത്തിലെ ഒരു പ്രയോഗം പല അവസരങ്ങളിലും നമ്മൾ കേട്ടിട്ടുണ്ട്. 'കല്പിച്ചതൊക്കെയും നോഹ ചെയ്തു; അങ്ങനെ തന്നേ അവൻ ചെയ്തു'. ഇതിനെയാണ് ദൈവപ്രവൃത്തിക്കായുള്ള മനുഷ്യന്റെ 'ഒരുക്കത്തിന്റെ പൂർണ്ണത' അഥവാ Completion എന്ന് വിളിക്കുവാൻ കഴിയുന്നത്.

നമുക്കൊന്നുചിന്തിക്കാം, നമ്മെ മാത്രം ഉദാഹരണമായി എടുക്കുക. ദൈവത്തിനായി ശോഭിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് പകുതിയിലധികം ക്രിസ്തുവിശ്വാസികളും. ഏതെങ്കിലും ഭൗതികമായ നേട്ടത്തിലൂടെ സംതൃപ്തിയടയുവാൻ മനസ്സില്ലാതെ, അധികം കർത്താവിനായി പ്രയോജനപ്പെടണമെന്നുള്ള ഈ ചിന്ത/ആഗ്രഹം നമ്മിലുടലെടുക്കാറുണ്ട്. ചിറകടിച്ചുയരുന്ന ഈ ചിന്ത ഒരാൾപൊക്കമെങ്കിലും ഉയർന്നുപൊങ്ങാറുമുണ്ട്. എന്നാൽ അതിനുശേഷം ഈ ചിന്തകൾക്ക്/ആഗ്രഹങ്ങൾക്ക് എന്തു സംഭവിക്കുന്നുവെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? അതോർത്തു പ്രാർത്ഥിച്ചിട്ടുണ്ടോ ?

ഇതിന്റെ ഉത്തരമാണ് നമ്മെ ഓരോരുത്തരെയും യഥാർത്ഥ Mission Heart (ദൗത്യ ഹൃദയം) ന് ഉടമകളാക്കിത്തീർക്കുന്നത്.

'പാർക്കുന്ന സ്ഥലംവിട്ടു ഓടുക' എന്നൊരു മനോഭാവമാണ് പലപ്പോഴും Missionary അഥവാ Mission എന്ന വാക്കുകേൾക്കുമ്പോൾ പലരിലും ഉണ്ടാവുന്നത്. ഏതൊരു വിഷയത്തോടുമുള്ള (മലയാളിയുടെ) സാധാരണ പ്രതികരണമായി ഇതിനെ കണ്ടാൽമതി. എന്നാൽ

ദൈവത്തിനായി ഓരോ വ്യക്തികളിലേക്കും അയക്കപ്പെടുന്നതിനായി ദൈവം ഒരുവനെ വിളിക്കുന്ന നിയോഗങ്ങളാണ് Missionary ശുശ്രൂഷയുടെ കാതൽ എന്നുപറയുന്നത്. ഈ ദൈവീക നിയോഗം തിരിച്ചറിയുമ്പോൾ നാം അതിനോട് സന്തോഷത്തോടെ പ്രതികരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ഒരുവശത്തുനിന്നും ചിന്തിച്ചാൽ, നോഹ പെട്ടകം പണിയുന്നത് ഒരു Mission (ദൗത്യ) ശുശ്രൂഷയുടെ അവസാനപടിയായിട്ടാണ്. പെട്ടകത്തിന്റെ പണി ആരംഭിക്കുന്നതിനുമുമ്പേ അദ്ദേഹം വ്യക്തികളിൽനിന്നും വ്യക്തികളിലേക്കു ദൈവീക ദൗത്യത്താൽ അയക്കപ്പെട്ടു. ദൈവം നൽകിയ ദൈവീകനീതിയുടെ പ്രസംഗം വഹിച്ചുകൊണ്ട് അദ്ദേഹം ചുറ്റിനടന്നു. (2 പത്രോസ് 2:5). ഏതൊരു വ്യക്തിയിലേക്കും ഇറങ്ങിച്ചെല്ലാൻ നമ്മെ രൂപാന്തരപ്പെടുത്തുന്ന ദൈവാത്മാവിന്റെ ആഴമേറിയ ശക്തി മിഷിനറി ഹൃദയത്തിന്റെ (Mission heart) യഥാർത്ഥ കൂട്ടാളിയാണ്. ഈ ഹൃദയം വഹിക്കുന്നവരിൽ സ്വന്തബലം പൂജ്യവും ദൈവാശ്രയം പൂർണ്ണവുമായിരിക്കും.

Output oriented ആയിരിക്കണം മിഷനറി ശുശ്രൂഷ, എന്നാൽ output ൽ മാത്രം കണ്ണുവെക്കുന്നതായിരിക്കരുത് ഈ ശുശ്രൂഷ. കാരണം, നോഹയുടെ ശുശ്രൂഷയിൽ Zero output ആയിരുന്നു ലഭിച്ചത്. കാരണം, തന്നെ ഏല്പിച്ച നീതിയുടെ പ്രസംഗം താൻ വർഷങ്ങളോളം പ്രസംഗിച്ചിട്ടും ആരുംതന്നെ അതിലേക്കു ഒന്ന് എത്തിനോക്കാൻപോലും തുനിഞ്ഞിരുന്നില്ല. മറ്റൊരുവാക്കിൽ പറഞ്ഞാൽ, നോഹയുടെ പ്രസംഗം ജീവനായിത്തീർന്നതു നോഹയ്ക്കുമാത്രമായിരുന്നു. എന്നാൽ ആത്യന്തികമായ ദൈവയിഷ്ടം എന്ന output നോക്കുക. അത് പരിപൂർണ്ണമായിരിക്കുന്നു. പെട്ടകത്തിൽ കടന്നവരുടെയും കടത്തപ്പെട്ടവയുടെയും രക്ഷയായിരുന്നു ആ Ultimate output. ഇത് നമുക്ക് കാണിച്ചുതരുന്നത് ഒരു യഥാർത്ഥ mission ന്റെ മാതൃകയാണ് - 'ദൈവത്തിനുവേണ്ടി ഫലം കായ്ക്കുക, മനുഷ്യന്റെ മുൻപാകെ ആയിരിക്കരുത്'.

ഫിലിപ്പിയർ 2 : 16. **അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും.**

ക്രിസ്തുയേശുവിലുള്ള നമ്മുടെ നടപ്പിനും ഓട്ടത്തിനും ദൈവം നിശ്ചയമായും പ്രശംസയും പ്രതിഫലവും നൽകും.

ആത്മീയജീവിതത്തിൽ, മാർക്കിടുവാനായി കാത്തിരിക്കുന്നവരെയും അവരുടെ മൂർച്ചയേറിയ നാവുകളെയും പേനകളെയും നോക്കിയിരുന്നാൽ നമ്മിലെ Mission Heart ന്റെ സ്പന്ദനം നിലച്ചുപോവും. നോഹയുടെ ദൗത്യ ഹൃദയത്തെ ഒന്ന് നോക്കുക. വിമർശിക്കാനെത്തിയ നാവുകളോട് പടവെട്ടി സമയം കളയുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ദൈവം അതിനായി നോഹയെ വിട്ടയച്ചതുമില്ല. പകരം നോഹയെ ദൈവം അയച്ചത്, ദൈവം നൽകിയ സന്ദേശം വ്യക്തികളിൽനിന്നും വ്യക്തികളിലേക്കു കൈമാറുവാനാണ്. ഇന്ന് നമുക്ക് ഉപജീവന ചിന്തകൾ മാത്രമാണ് പലപ്പോഴും പരസ്പരം കൈമാറുവാൻ കഴിയുന്നത്. ആഭ്യന്തര പ്രശ്നങ്ങളും രാഷ്ട്രീയ ചിന്തകളുമാണ് പരിചിതരോടും അപരിചിതരോടും ഇടവേളകളിൽ പങ്കുവയ്ക്കുവാൻ നാം ആഗ്രഹിക്കുന്നത്. ക്രിസ്തുവിന്റെ സുവിശേഷം മറ്റുള്ളവരോട് പങ്കുവയ്ക്കുവാനുള്ള ഹൃദയം നമ്മിൽ ഇല്ല എന്നുള്ള പരമാർത്ഥമായ സത്യത്തെ ഉൾക്കൊണ്ടുകൊണ്ട് ദൈവത്തോട് യാചിക്കുന്നവന് ദൈവം അത് നൽകും. ദാവീദിന്റെ ഈ പ്രാർത്ഥനയൊന്നു നോക്കുക.

സങ്കീർത്തനങ്ങൾ 51
10. **ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ.**
11. **നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ.**
12. **നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ.**

ആവശ്യമുള്ള ഏതൊരു വ്യക്തിയും ആവശ്യബോധത്തോടെ ദൈവത്തോട് ചോദിക്കുമ്പോൾ അവർക്കു അത് ലഭിക്കും. പഴയനിയമത്തിലും പുതിയനിയമത്തിലെ കാലാന്ത്യത്തിലും ഇത് ലഭിക്കാതെ പോവുകയില്ല.

ദൈവത്തിനായി ശോഭിക്കണമെന്ന ചിന്ത ചിലരിൽനിന്നെങ്കിലും നഷ്ടപ്പെട്ടുപോകുന്നതിന്റെ കാരണം 'ദൗത്യഹൃദയം' (Mission heart) ലഭിക്കേണ്ടതിനായുള്ള പ്രാർത്ഥന അവരിൽ നിന്നും ഉയരാത്തതുകൊണ്ടാണ്. അത് ആവശ്യമാണെന്ന തിരിച്ചറിവും അവരിൽ ഉണ്ടാവാതെ പോവുന്നു. അത് ഗ്രഹിപ്പിച്ചുകൊടുക്കേണ്ടുന്ന പിതാക്കന്മാരും നേതാക്കളും മറ്റെന്തിലൊക്കെയോ വ്യാപൃതരായിരിക്കുന്നു. ഈ ഹൃദയം ഇല്ലാതിരുന്ന (നഷ്ടപ്പെട്ടുപോയ) ദാവീദ്, അത് ദൈവത്തോട് പ്രാർത്ഥനയിൽ ചോദിച്ചുവാങ്ങി. ദൗത്യഹൃദയം ലഭിച്ച നോഹ തനിക്കുകിട്ടിയ ദൈവീക സന്ദേശത്തെ താഴിട്ടുപൂട്ടാതെ ദൈവം അയച്ചിടത്തൊക്കെയും കൊടുത്തുകൊണ്ടേയിരുന്നു. ആ പ്രസംഗങ്ങളിൽ തന്നെക്കുറിച്ചു പറയുവാൻ നോഹക്ക് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കാരണം, ആ പ്രസംഗങ്ങൾ നടത്തുമ്പോൾ നോഹ പെട്ടകം പണി ആരംഭിച്ചിട്ടുണ്ടായിരിക്കണമെന്നില്ല. എല്ലാം പണിഞ്ഞുവച്ചിരുന്നുവെങ്കിൽ അതിന്റെ പേരിൽ പ്രസംഗിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചേനേ എന്ന് ഞാൻ കരുതുന്നു. ദൈവം വിശ്വസ്തൻ, പെട്ടകത്തിന്റെ ഭംഗിവാക്കുകളിൽ വ്യക്തികളെ ചേർക്കുന്ന പരിപാടിയിൽ ദൈവം പങ്കെടുത്തില്ല, അങ്ങനെ ചെയ്യുവാൻ നോഹയെ അനുവദിച്ചതുമില്ല. നമ്മുടെ ജീവിതത്തിലും ചില തീപ്പൊരിസാക്ഷ്യങ്ങളുടെ അഭാവം നന്മക്കായിട്ടാണെന്നു ഇന്ന് വിശ്വസിക്കുക. നാളെകളിൽ ജീവനുള്ള ദൈവത്തെ അധികം അനുഭവിക്കാൻ അത് കാരണമായേക്കും. പുതിയനിയമത്തിലെ അപ്പോസ്തോലന്മാരെല്ലാരും ദൈവീകദൗത്യത്തിനായി തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു എന്ന ബോധ്യത്തെ ഉൾക്കൊള്ളുകയും, ദൗത്യത്തിന്റെ വില മനസ്സിലാക്കി തങ്ങളുടെ സമയത്തെ ക്രമീകരിച്ചവരും ആയിരുന്നു. ഒരു ചെറിയ സൗഹൃദ സംഭാഷണത്തിൽ പോലും ക്രിസ്തുവിന്റെ ജീവൻ അവർ പങ്കുവച്ചു. കാരണം അവരിൽ നിറഞ്ഞിരുന്ന ദൈവീക ദൗത്യം, ജീവനും തേജസുമുള്ളവനായ ക്രിസ്തുവിനെക്കുറിച്ചുള്ളതായിരുന്നു. ദുഷ്ട ഹൃദയങ്ങൾക്കും ആശകൾക്കും ഈ ദൗത്യഹൃദയത്തെ നേരിടുവാൻ കഴിയുകയില്ല.

മത്തായി 21 : 44. **ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും; അതു ആരുടെ മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും" എന്നു പറഞ്ഞു.**

ദൗത്യ ഹൃദയം ബലഹീനമല്ല. ഒരുനാളും ബലഹീനമാവാൻ ഇടയില്ലാത്തവണ്ണം ദൈവത്താൽ നിർമ്മിക്കപ്പെട്ടവയാകുന്നു. എന്റെയും നിങ്ങളുടെയും ഹൃദയം ദൗത്യ ഹൃദയമായി രൂപപ്പെട്ടിട്ടുണ്ടോ? അപ്രകാരം രൂപ്പപ്പെടേണ്ടതിനായി ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കാം.

ഉല്പത്തി 7
6. **ഭൂമിയിൽ ജലപ്രളയം ഉണ്ടായപ്പോൾ നോഹെക്കു അറുനൂറു വയസ്സായിരുന്നു**.
7. **നോഹയും പുത്രന്മാരും അവന്റെ ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും ജലപ്രളയം നിമിത്തം പെട്ടകത്തിൽ കടന്നു**.
8. **ശുദ്ധിയുള്ള മൃഗങ്ങളിൽനിന്നും ശുദ്ധിയില്ലാത്ത മൃഗങ്ങളിൽനിന്നും പറവകളിൽനിന്നും ഭൂമിയിലുള്ള ഇഴജാതിയിൽനിന്നൊക്കെയും**,
9. **ദൈവം നോഹയോടു കല്പിച്ചപ്രകാരം ഈരണ്ടീരണ്ടു ആണും പെണ്ണുമായി നോഹയുടെ അടുക്കൽ വന്നു പെട്ടകത്തിൽ കടന്നു**.

നോഹയിൽ ഉരുവായിവന്ന ദൗത്യ ഹൃദയം കണ്ട ദൈവം, ജലപ്രളയം ഉണ്ടായ സമയത്തെ നോഹയുടെ ആയുസ്സിനോട് ചേർത്തെഴുതി. നോഹയ്ക്കു ദൈവം ആയുസ്സ് അധികം (നമ്മെക്കാളും) നൽകിയതായി നാം വായിക്കുന്നുണ്ട്. അതിനർത്ഥം നോഹയുടെ ജീവിതത്തിലെ സമയത്തെക്കുറിച്ചു ദൈവത്തിന് വില തോന്നിയില്ല എന്നതല്ല. പ്രത്യുത, നോഹയുടെ ദൗത്യഹൃദയത്തിന്റെ ഓരോ സ്പന്ദനങ്ങളെ ദൈവം അധികമായി മാനിച്ചു എന്നതാണ്. കാരണം, വർഷങ്ങളോളം പ്രസംഗിച്ചുനടന്ന നോഹ, ഒരുപാടുസമയമെടുത്തു നിർമ്മിച്ച പെട്ടകത്തിലേക്കു മൃഗങ്ങളെ കയറ്റേണ്ടതിനായി അന്വേഷിച്ചു സമയം കളഞ്ഞില്ല. അവയെല്ലാം നോഹയുടെ അടുക്കലേക്കുതന്നേ വന്നു. നോഹയെ അന്വേഷിച്ചുവരുന്ന മൃഗങ്ങളെ ഒന്ന് സങ്കല്പിച്ചുനോക്കുക. ഒരേഭാഷ സംസാരിച്ചിരുന്ന ജനം, നോഹയെ തള്ളിക്കളഞ്ഞപ്പോൾ ഭാഷയില്ലാത്ത (ഭാഷയറിയാത്ത) സകലമൃഗത്തെയും നോഹയുടെ അടുക്കലേക്കയക്കുവാൻ ദൈവത്തിന് ഇഷ്ടം തോന്നി. ദൈവയിഷ്ടത്തിനായി എവിടെയെല്ലാം സമയം നാം ചിലവഴിച്ചുവോ ആ സമയത്തെയെല്ലാം മടക്കിനൽകുന്ന ഒരു ദൈവപ്രവൃത്തി നമുക്കായി ദൈവം കരുതുകതന്നേ ചെയ്യും. ദൈവം നോഹയുടെ സമയത്തെ വിലയേറിയതായി കരുതി.

യോവേൽ *2*
25. **ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും.**
26. **നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി, നിങ്ങളോടു അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും; എന്റെ ജനം ഒരുനാളും ലജ്ജിച്ചുപോകയുമില്ല.**
27. **ഞാൻ യിസ്രായേലിന്റെ നടുവിൽ ഉണ്ടു; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ, മറ്റൊരുത്തന്നുമില്ല എന്നു നിങ്ങൾ അറിയും; എന്റെ ജനം ഒരു നാളും ലജ്ജിച്ചുപോകയുമില്ല.**

നോഹയുടെ പെട്ടകം പണിയുടെ പൂർത്തീകരണ ദിവസം എന്തെങ്കിലുമൊരു പ്രേത്യേകസന്തോഷമായി അദ്ദേഹം ആഘോഷിച്ചു എന്ന് ഞാൻ വ്യക്തിപരമായി കരുതുന്നില്ല. കാരണം പെട്ടകത്തിന്റെ എല്ലാ പ്ലാനുകളും (അരുളപ്പാടുകൾ) ലഭിച്ച സമയം മുതൽക്കേ, ഉറപ്പോടും പ്രത്യാശയോടും വിശ്വാസത്തോടുംകൂടിയായിരുന്നു ഒരോ നിമിഷവും അദ്ദേഹം പെട്ടകം പണിയിൽ ചിലവഴിച്ചത്. അതായത്, പണിയുടെ ഓരോ നിമിഷവും ആഘോഷമാക്കുവാൻ നോഹയുടെകൂടെ ദൈവം നിന്നു.നാമും നിരാശയിലും സംശയത്താലും പണിഞ്ഞുതുടങ്ങിവാൻ ദൈവം ആഗ്രഹിക്കുന്നില്ല.
പൗലോസ് ഇപ്രകാരം പ്രഖ്യാപിക്കുന്നു.
ഫിലിപ്പിയർ 1 : 21. **എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.**

ഒരുവനിൽ ദൗത്യഹൃദയം രൂപപ്പെട്ടാൽ വിജയത്തിന്റെ അവസാനനിമിഷം മാത്രമല്ല സന്തോഷം ഉണ്ടാവുന്നത്, മറിച്ചു, അതിസന്തോഷത്തിലായിരിക്കും ഓരോ നിമിഷവും കടന്നുപോവുന്നത്. ദൈവത്തോടും മനുഷ്യരോടും ഒരുതരിപോലും പിറുപിറുപ്പും വാദവും കൂടാതെ സകലവും ചെയ്യുവാൻ നോഹയ്ക്കു കഴിഞ്ഞു. തന്നെ തള്ളിക്കളഞ്ഞ മനുഷ്യരോട് വെറുപ്പുതോന്നിതിരിക്കാൻ കാരണം, ചേർത്തുപിടിക്കുന്ന ദൈവത്തെ എപ്പോഴും അനുഭവിക്കാൻ നോഹയ്ക്കു കഴിഞ്ഞതുകൊണ്ടാണ്. നമുക്കും ഇതൊരു മാതൃകയാണ്.

ദൗത്യ ഹൃദയം മനുഷ്യന്റെ പ്രതികരണങ്ങളെയല്ല ദൈവത്തിന്റെ പ്രതീക്ഷകളെയാണ് ഉറ്റുനോക്കുന്നത്.

നമ്മിലൂടെയുള്ള ദൈവപ്രവൃത്തികളുടെ പൂർത്തീകരണം എങ്ങനെയെന്ന് പൗലോസ് തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു.

ഫിലിപ്പിയർ 1
4. **നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു**.

നോഹയ്ക്കു ദൈവം കൊടുത്ത ശബ്ദം, അത് അളവുകളായിക്കൊള്ളട്ടെ അരുളപ്പാടുകളായിക്കൊള്ളട്ടെ, അവയ്ക്കെല്ലാം ഒരു കൃത്യത ദൈവം സൂക്ഷിച്ചിരുന്നു. ദൈവീക ഇടപെടലുകളെല്ലാം ഒന്നുപോലും നഷ്ടപ്പെടാതെ ഒപ്പിയെടുക്കുവാൻ നോഹയുടെ ഹൃദയത്തിനു കഴിഞ്ഞു. **ആ കാലഘട്ടത്തെ നോക്കിയാലും**.

ഉല്പത്തി 6 : 5. **ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു**.

ഇങ്ങനെയുള്ള മനുഷ്യരുടെ ഇടയിലേക്കാണ് ദൈവം നോഹയെ ദൗത്യഹൃദയത്തോടെ അയക്കുന്നത്. അവിടെ, ദൈവം കൃത്യതയാർന്ന അളവുകൾ കൊടുത്തെങ്കിലൽ വക്രതയും കോട്ടവുമുള്ള ഈ തലമുറയുടെ നടുവിൽ നമുക്കും കൃത്യതയാർന്ന നിയോഗങ്ങൾ നൽകുവാൻ ദൈവത്തിനുകഴിയുമെന്നു വിശ്വസിക്കുക.

മർക്കൊസ് 16
17. **വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും;**
18. **സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു**.

അസാധാരണമായ ദൈവപ്രവൃത്തിക്കായി ദൈവം നമ്മെ ഇന്നും വിളിക്കുന്നു. ദൗത്യഹൃദയം പ്രാർത്ഥനയിൽ ചോദിച്ചുകൊണ്ട്, നാം ആയിരിക്കുന്ന ദേശങ്ങളിൽ, ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുവാൻ ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

സങ്കീർത്തനങ്ങൾ 2 : 8. **എന്നോടു ചോദിച്ചുകൊൾക; ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും;**

ഏതൊരു കാലഘട്ടത്തിലും ചോദിക്കുന്നവന് മാത്രം ലഭിക്കും. സ്വർഗത്തിലേക്ക് കണ്ണുകളുയർത്തി ചോദിക്കുന്നവർ നിരാശരാവുകയില്ല.

യോവേൽ 2 : 27. **ഞാൻ യിസ്രായേലിന്റെ നടുവിൽ ഉണ്ടു; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ, മറ്റൊരുത്തന്നുമില്ല എന്നു നിങ്ങൾ അറിയും; എന്റെ ജനം ഒരു നാളും ലജ്ജിച്ചുപോകയുമില്ല.**

ഈ നാളുകളിൽ നമ്മെ ഓരോരുത്തരെയും കർത്താവിനായി, ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നവരായിത്തീരുവാൻ ഏല്പിച്ചു നമുക്കും പ്രാർത്ഥിക്കാം. ദൈവം നമ്മെ ഏവരെയും അതിനായി യോഗ്യരാക്കിത്തീർക്കട്ടെ.
ആമേൻ.

-ജിബി തോമസ്

പാട്ടും ചിന്തയും : “സീയോൻ സഞ്ചാരി ഞാൻ...”

നമ്മുടെ ജീവിത യാത്രയെയും ആ യാത്രയുടെ അന്തിമ ലക്ഷ്യത്തെക്കുറിച്ചും അസാധാരണമാംവണ്ണം ക്രിസ്തുവെളിപ്പാടിൽ വർണ്ണിച്ചിരിക്കുന്ന ഈ ആത്മീയഗാനത്തിന്റെ ആഴത്തെക്കുറിച്ചു, നമുക്കു ചിന്തിക്കുകയും വരികൾക്കിടയിലെ ദൈവമഹത്വത്തെ ആരാഞ്ഞുകൊണ്ടു ഒരുമനപ്പെട്ടു പാടുവാൻ ഉത്സാഹിക്കുകയും ചെയ്യാം.

"**സീയോൻ സഞ്ചാരി ഞാൻ**
യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ"

ലക്ഷ്യത്തെ കൃത്യമായി പറഞ്ഞുതുടങ്ങിയാണ് ഈ ഗാനം ആരംഭിക്കുന്നത്. 'സ്വർഗ്ഗീയ സീയോൻ' എന്ന പ്രത്യാശയിലേക്കും ലക്ഷ്യത്തിലേക്കുമാണ് എന്റെ യാത്ര എന്ന് ഉറപ്പിച്ചുപറയുന്ന ആദ്യ വരികൾ. എങ്ങനെ അവിടേക്കു പോകണമെന്നുള്ള ഉപദേശമാണ് രണ്ടാമത്തെ വരി - യേശുവിൽ ചാരി മാത്രം യാത്ര ചെയ്യുക. മറ്റൊന്നിനും നമ്മെ ഈ യാത്രയിൽ താങ്ങിനിർത്തുവാൻ കഴിയുകയില്ല. നമുക്കു ചാരുവാൻ യേശു മാത്രമാണ് എപ്പോഴും അടുത്തുണ്ടാവുന്നത്. താത്കാലികമായ ചില ചാരലുകൾ ലഭിച്ചാലും അവ യാത്രയിൽ മാറിപ്പോയേക്കാം, എന്നാൽ മാറാത്ത യേശുവിൽ ചാരിയാണ് ദൈവപൈതലിന്റെ സീയോൻയാത്ര. എപ്രകാരമുള്ള പാതയിലാണ് നാം യാത്ര ചെയ്യേണ്ടുന്നത് - 'ക്രൂശിന്റെ പാതയിൽ'. അനേകം വഴികൾ നമ്മുടെ മുൻപിലുണ്ടെങ്കിലും ഒരു ദൈവപൈതലിന്റെ വഴി ക്രൂശിന്റെ / രക്ഷയുടെ വഴി ആയിരിക്കണം. ഗതി മാറി യാത്ര ചെയ്യുവാൻ നമുക്കു കഴിയുകയില്ല. അത്തരം ഗതിമാറിയുള്ള യാത്രകൾ നമ്മെ ക്രിസ്തുവിലേക്കു നടത്തുകയുമില്ല.

"**മോക്ഷയാത്രയാണിത് ഞാൻ നടപ്പത്**
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും"

ഈ യാത്ര തുടങ്ങിയത് ക്രിസ്തുവിലൂടെയുള്ള രക്ഷയിലൂടെയാണ്. അത് മുൻപോട്ടു കൊണ്ടുപോകുവാൻ കാഴ്ചയും കഴിവുകളുമല്ല യേശുവിലുള്ള വിശ്വാസമാണ് ആവശ്യം. ഈ വിശ്വാസപൂർണ്ണമായ യാത്രകളിൽ എല്ലാം സുഗമം ആയിരിക്കുകയില്ല. എന്നാൽ, ഏത് വീഴ്ചയുടെ സമയത്തും ഈ യാത്രയിലേക്കു നമ്മെ കൈപിടിച്ചുകയറ്റിയ രക്ഷകൻ തന്റെ കൈകളിൽ നമ്മെ എല്ലാനാളും താങ്ങും. വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് ഈ വരികളിൽ നിറയുന്നത്.

"**ലോകമേതും യോഗ്യം അല്ലെനിക്കതാൽ**
ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമേ
നീ തരും പേരെനിക്കെന്തിനായ്"

ലോകത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും വെളിപ്പാടുള്ളവർ പാടേണ്ടുന്ന വരികളാണിവ. കാരണം, ഈ ലോകത്തിലെ ഒന്നിനും എന്നെ ക്രിസ്തുവില്നിന്നു വേർപെടുത്തുവാൻ കഴിയുകയില്ല എന്നുള്ള വെളിപ്പാടാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്. ലോകം മനുഷ്യന് ശോകം സമ്മാനിക്കുമ്പോൾ ക്രിസ്തുവെന്ന ഭാഗ്യം (അനുഗ്രഹം) എനിക്ക് ലഭിക്കുന്നു എന്ന ഉറപ്പ് നമുക്കീ വരികളിൽ ദർശിക്കുവാൻ കഴിയും. ലോകത്തിനു നൽകുവാൻ കഴിയുന്നത് എന്റെ നാഥനുനൽകിയ മുൾമുടിയും വേദനയും പരിഹാസവും മാത്രമാണ്, എനിക്കും അതിൽകുറഞ്ഞതൊന്നും തരുവാൻ ലോകത്തിനു കഴിയുകയില്ല. അതുകൊണ്ടു, എനിക്കു പകരക്കാരനായി കാൽവരി ക്രൂശിൽമരിച്ചു, ലോകത്തെയും പാപത്തെയും മരണത്തെയും തോൽപിച്ച യേശു, എനിക്കായി കരുതിയിരിക്കുന്ന പേരും തേജസ്സും മാത്രമേ എന്റെ പ്രത്യാശയിലുള്ളൂ.

"**സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും**
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
ഭാരവും പാപവും വിട്ടു ഞാനോടുമാ
ന്നേരവും യേശുവെ നോക്കിടും"

ദൈവത്തിനായി ഓടുവാനും ശോഭിക്കുവാനും കഴിയാത്ത ഒരു ഓട്ടക്കളത്തിലല്ല ദൈവം നമ്മെ ഇപ്പോൾ ആക്കിയിരിക്കുന്നത്.

എബ്രായർ 12
1. **ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.**
2. **വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.**
കഴിവുകൾകൊണ്ടു ഓടുവാൻ ദൈവം നമ്മെ വിളിച്ചിട്ടില്ല. ദൈവീക കൃപയാൽ ഓടുവാനാണ് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. ഒരു വലിയ സമൂഹം നമുക്കുമുമ്പേ ഓടി ഓട്ടം പൂർത്തിയാക്കിയിരിക്കുന്നു. അനാവശ്യ ഭാരത്തെ വിട്ടുകളഞ്ഞാൽ ഓടുവാനുള്ള ബലവും കൃപയും കർത്താവ് നമുക്കായി നൽകും. നോട്ടം ക്രിസ്തുവിലായാൽ ഓട്ടത്തിനായുള്ള കാഴ്ചയും ദൈവം നൽകും.
"**എന്നെ നേടുന്ന സന്തോഷമോർത്തതാൽ**
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ"

എബ്രായർ 12
3. **നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.**
എന്റെ ഈ യാത്രയിൽ, എന്റെ നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോവുക എന്നതായിരിക്കട്ടെ എന്റെ ശുശ്രൂഷ. നമ്മുടെ ജീവിതയാത്രയിൽ മടുക്കാതിരിക്കുവാൻ എപ്പോഴും ക്രിസ്തുവിനെ പ്രസംഗിക്കുക, ശുശ്രൂഷിക്കുക. കേവലം കേൾവിക്കാർ മാത്രമായിത്തീരാതിരിക്കുവാൻ നാം ശ്രമിക്കുകയും കർത്താവിനെ ശുശ്രൂഷിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യുക.

കേവലം കേൾവിക്കാർ മാത്രമായാൽ ആത്മീയ യാത്ര, നിരാശയുടെ വഴികളായിമാറും. അവിശ്വാസമെന്ന ഇരുട്ടും നിരാശയെന്ന വലകളും അവിടെ നമ്മെ തേടിയെത്തും. വളരെ പ്രസിദ്ധമായ ഒരു ചൊല്ല് മനസ്സിലേക്കോടിയെത്തുന്നു "An idle mind is the devil's workshop".

"**ബാലശിക്ഷ നൽകുമെന്നപ്പനെങ്കിലും**
ചേലെഴും തൻ സ്നേഹം കുറഞ്ഞു-പോയിടാ
നന്മയേ തൻകരം നൽകുമെന്നീശനിൽ
എന്മനം വിശ്രമം നേടിടും"

എന്റെ ഈ യാത്രയിൽ ഒരിക്കലും കുറഞ്ഞുപോകില്ല എന്ന് എനിക്കുറപ്പുള്ള ഒരു സംഗതിയുണ്ട്. അതാണ് എന്റെ പിതാവാം ദൈവത്തിന്റെ സ്നേഹം. എന്റെ വാശികൾക്കും നിർബന്ധങ്ങൾക്കും ചെറിയ ശിക്ഷകൾനൽകി ഒരു അപ്പനായി എന്നെ നടത്തുന്ന ആ സ്നേഹം. നന്മയെ മാത്രം എനിക്കായി തന്ന ആ കരങ്ങളിൽ ഞാൻ എന്റെ ജീവനെ ഒരുനാൾ ഭരമേല്പിക്കും. ആ കൈകളിൽ മാത്രം ഞാൻ എന്റെ വിശ്രമവും നേടിടും.

-ജിബി തോമസ്

കുറിപ്പുകൾ : "പത്മോസിലെ യോഹന്നാൻ "

പത്മോസിന്റെ ഏകാന്തതയിലും,വേദനകളിലും യോഹന്നാൻ യേശുവിനെ പഴി പറഞ്ഞില്ല,തന്നെത്താൻ ശപിച്ചതുമില്ല. താൻ ഈ ഭൂമിയുടെ ഏതു കോണിലായിരുന്നാലും അവിടെ വെളിപ്പെടുന്ന ഒരു ദൈവസാന്നിദ്ധ്യം ഉണ്ടെന്നു ഗ്രഹിച്ച യോഹന്നാനെ തളർത്താൻ ഒന്നിനും കഴിയുമായിരുന്നില്ല. ഭയത്തിന്റെ കണ്ണുകളല്ല വെളിപ്പാടിന്റെ കണ്ണുകളായിരുന്നു യോഹന്നാനുണ്ടായിരുന്നത്.

യേശു പത്മോസിൽ യോഹന്നാന് വെളിപ്പെടുത്തിയത് 'യോഹന്നാന് എങ്ങനെ പത്മോസിൽനിന്നും രക്ഷപെടാം' എന്ന ദർശനം അല്ല മറിച്ചു, അന്ത്യകാലത്തു സംഭവിക്കാനുള്ളതും, ഒരു കൂട്ടം സഭകളെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതുമായ ദൂതുകളുമാണ് യോഹന്നാൻ ദൈവത്തിൽ നിന്നുംപ്രാപിച്ചു എഴുതിയത്. അതിന്റെ അർഥം, യോഹന്നാൻ പത്മോസിൽ പ്രാർത്ഥിച്ച പ്രാർത്ഥന വേറൊന്നുമായിരുന്നില്ല "അപ്പ(യേശുവേ) നീ എന്നെ ഇവിടെ കൊണ്ടുവന്നതിന്റെ പദ്ധതി എന്ത് ?" എന്നതായിരുന്നു. അങ്ങനെ ആ പത്മോസിൽ ഇതുവരെ തടവുകാരായി പോയിട്ടുള്ള ഒരു വ്യക്തികളും ജീവനോടെ തിരിച്ചുവരാതെയിരുന്നയിടത്തു യോഹന്നാൻ ദൈവത്തിൽനിന്നും വെളിപാടുകൾ പ്രാപിച്ചു ജീവനോടെ തിരികെ വന്നു. ഇന്നു നാം കടന്നു പോകുന്ന വേദനകളുടെ സാഹചര്യങ്ങളിൽ നാം നമ്മുടെ വിടുതൽ മാത്രം ആഗ്രഹിക്കുന്നതിലും ഉപരി, നാമോരോരുത്തരും കടന്നുപോകുന്ന സാഹചര്യങ്ങളിൽ ദൈവം നമ്മെക്കുറിച്ചു എന്താഗ്രഹിക്കുന്നു എന്നു നാം ചിന്തിച്ചുതുടങ്ങിയാൽ അനേകരെ ഉറപ്പിക്കുന്ന ദൈവശക്തിയുടെ വെളിപ്പാടിന്റെ ആഴങ്ങൾ നമ്മിൽ ദൈവം വെളിപ്പെടുത്തും. ഒരിക്കലും ഞാൻ പുറത്തുവരികയില്ലെന്നു ചിന്തിക്കുന്നവിഷയങ്ങളിൽനിന്നു യേശു നമ്മെ പുറത്തുകൊണ്ടുവരും.

‘എനിക്കെല്ലാം കർത്താവിൽനിന്നുവേണം’ എന്നു ചിന്തിക്കുന്നതിലുപരി ‘എന്നിലൂടെ കർത്താവിനു എന്തെല്ലാം ചെയ്യാൻ കഴിയും’ എന്ന് ചിന്തിക്കുന്ന ഒരു ഉയർന്ന തലത്തിലേക്ക് നമുക്ക് ചിന്തിക്കാം. അതിനായി പ്രാർത്ഥിക്കാം.

-ഷെറിൻ ജിബി.

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.

Smith Wigglesworth



If you seek nothing but the will of God, He will always put you in the right place at the right time.

Dwight L. Moody



Moses spent forty years thinking he was somebody; forty years learning he was nobody; and forty years discovering what God can do with a nobody.

John Bunyan



You have not lived today until you have done something for someone who can never repay you.

ശമര്യൻ
(കവിത - ലൂക്കോസ് 10:30 - 37)

ഞാൻ നീങ്ങും വഴിയിൽ എന്നെയേതിരേറ്റാ പുരോഹിതൻ,
വെണ്മവസ്ത്രത്തിൻ ഉടമയാം വിശുദ്ധൻ,
തേജസ്സിൻമുഖത്താൽ പുഞ്ചിരിയേന്തും നിർമ്മലൻ,
കളങ്കമറ്റ മനസ്സും കറയില്ലാമങ്കിയുമുള്ളൊരു നീതിമാൻ.
കണ്ടപാടെ ബഹുമാനത്താലെൻ
മുഖം തെല്ലൊന്നു കുനിഞ്ഞുടൻ.

ലക്ഷ്യസ്ഥാനത്തേക്കുറ്റുനോക്കി വേഗത്തെത്തേടി ഞാൻ
പോകുമെൻ വഴിമദ്ധ്യേ കാഴ്ചകളെ അക്കമിട്ടെണ്ണിഞാൻ,
ധൃതിയോടെൻ കഴുതയെ വേഗം ഗ്രഹിപ്പിച്ചീടുവാൻ
ഏന്തിയ വടിതൻ ചൂടവൻ പഠിച്ചുടൻ.

എതിരേറ്റുവന്നു മറ്റൊരു സുന്ദരനാം പുരുഷൻ,
ധൃഢഗാത്രനാം മനുഷ്യൻ,
ആത്മവീര്യം പൂണ്ടു നടപ്പവൻ,
കാനനപാതയിൽ ഉദ്യമത്തെ വീണ്ടെടുത്തവൻ,
ലേവ്യഗോത്രത്തിൻ ചാട്ടുളിയായവൻ.
ആ വീരനായും ബഹുമാനത്താലെൻ
മുഖം തെല്ലൊന്നു കുനിഞ്ഞുടൻ.

കഴുത താൻ, തന്റെ വേഗത കുറച്ച നേരമെൻ
കരത്തിൽ കരുതിയ വടിക്കായ് പരതി ഞാൻ,
വടിയുടെ ചൂടും അടിയുടെ നോവും ഏൽപ്പാൻ വിസമ്മതിച്ചവൻ,
യാത്രയുടെ വേഗം സ്വയമേ വർദ്ധിപ്പിച്ചുടൻ!

എന്നെയെതിരേൽപ്പാൻ
ഇനിയുമായെന്നു നിരൂപിച്ചതാം യാത്രതൻ,
അവസാനമെന്നോണം കണ്ടുഞാൻ,
വഴിയിൻ നടുവിൽ വേദനയാൽ പിടയുന്നൊരുവൻ.
ചലനമില്ലാ നിലവിളിയുമില്ലാ രുധിരത്തിൻ-
ഗന്ധത്തിൽ പൊതിഞ്ഞതാം മനുഷ്യൻ.

മണ്ണിലേക്ക് കാൽകുത്തുവാൻ എൻ
മൃഗവാഹനത്തെ നിയന്ത്രിച്ചു ഞാനുടൻ,
തിരിച്ചറിഞ്ഞു ഞാനാ മനുഷ്യനെ, അപഹാരത്തിൻ തകർച്ചകളിൻ
ഒരു ശേഷിപ്പുമാത്രമാം ഉടലിനു ഉടയവൻ.
ചേർത്തെടുത്തവനെ ചേതനയറ്റുപോവുംമുൻപേ മൃഗത്തിൻ-
പുറത്തേക്ക്, ഒഴുകുന്ന നിണത്തെ തുവർത്തിനാൽ നീക്കിഞാൻ.

പുതുലക്ഷ്യമാം വഴിയമ്പലം തേടി ഞാൻ
കാനനവീഥികൾ പലതുംതാണ്ടി ഗമിക്കവേ, വഴിതൻ-
പകുതിയിൽ അന്നുകണ്ട മാന്യമുഖങ്ങളെപ്പരതി - പുരോഹിതൻ,
ലേവ്യൻ!
കൊടുത്ത ബഹുമാനം മായ്ക്കാൻ കഴിയാത്തവണ്ണമെൻ
മനംനൊന്തു കൈകളിൽ ഒന്നു കണ്ണോടിച്ചുഞാൻ,
കരയാതെ കരയുന്ന നീറുന്ന എൻ,
കണ്ണിൽ കണ്ടു - പിടയുന്ന ഒരു ജീവൻ.

-ജിബി തോമസ്

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com